**മേലെഴുത്ത് നം.C1/37795/23/ഡി.ടി.ഇ**

2024 മാർച്ചിൽ ആരംഭിക്കുന്ന THSLC പരീക്ഷയുടെ ചോദ്യപേപ്പർ വിതരണം ചെയ്യുന്നതും, സൂക്ഷിക്കുന്നതും ആയി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ മേധാവികളുടേയും, പരീക്ഷയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായി ഔദ്യോഗിക വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിക്കുന്നു.

ഡോ. രാമചന്ദ്രൻ എം

പകർപ്പ്: 1) ജോയിൻറ് ഡയറക്ടർ, എസ്ഐടിടിടിആർ, കളമശ്ശേരി

2) എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ മേധാവികൾക്കും

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 21.02.2024
Reason: Approved

Draft #9 of File C1/37795/23/DTE Approved by Senior Joint Director (PS) on 21-Feb-2024 12:14 PM - Page 1

The document is digitally approved. Hence signature is not needed.

<u>പരീക്ഷാ അടിയന്തിരം</u>

*നം.ഇ.എക്സ്.എ6/37000/2023/സിജിഇ.*

*പരീക്ഷാകമ്മീഷണറുടെ കാര്യാലയം,*
*പരീക്ഷാഭവൻ, പൂജപ്പുര,*
*തിരുവനന്തപുരം, തീയതി:19/02/2024*

**സെക്രട്ടറി**
പരീക്ഷാഭവൻ

**ഡയറക്ടർ**
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയംപത്മവിലാസം റോഡ്
തിരുവനന്തപുരം

**സർ,**

വിഷയം:- പരീക്ഷാഭവൻ - ***റ്റി.എച്ച്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2024*** - ചോദ്യപേപ്പർ വിതരണം,സൂക്ഷിയ്ക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 16/10/2023 തീയതിയിലെ നം.ഇ.എക്സ്.സി.ജി.എൽ(3)/44000/2023/സി.ജി.ഇ പ്രകാരമുള്ള റ്റി.എച്ച്.എസ്.എൽ.സി. മാർച്ച് 2024 പരീക്ഷയുടെ വിജ്ഞാപനം.

.............

2024 മാർച്ചിൽ നടത്തുന്ന ***റ്റി.എച്ച്.എസ്.എൽ.സി.*** പരീക്ഷ കുറ്റമറ്റരീതിയിൽ നടത്തുന്നതിനായി ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ചീഫ് സൂപ്രണ്ടുമാരും/ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും കൃത്യമായി പാലിക്കേണ്ടതാണ്.

❖ പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷാഭവൻ നേരിട്ട് എത്തിയ്ക്കുന്ന പൊതുവിഷയങ്ങൾ ഒഴികെയുള്ള ടെക്നിക്കൽ വിഷയങ്ങളുടെ ചോദ്യപേപ്പർ പായ്ക്കറ്റുകൾ ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് കൈപ്പറ്റുകയും ആയത് പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള സ്ട്രോംങ് റൂമിൽ <u>ഇരട്ട താഴിട്ട പൂട്ടുള്ള</u> അലമാരയിൽ സൂക്ഷിക്കുകയും ഒരു താക്കോൽ ചീഫ് സൂപ്രണ്ടിനും, രണ്ടാമത്തെ താക്കോൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും കൈവശം സൂക്ഷിക്കേണ്ടതും, രാത്രി കാവലിന് ജീവനക്കാരെ നിയോഗിക്കുകയും പോലീസിന്റെ സേവനം ഉൾപ്പെടെ ക്രമീകരണം ഏർപ്പെടുത്തേണ്ടതുമാണ്. ചോദ്യപേപ്പറുകൾ രാത്രിസമയത്ത് എത്തിച്ചേരാൻ സാധ്യതയുള്ളതിനാൽ വൈദ്യുതിയുടെ ലഭ്യത സ്റ്റോറേജ് സെന്ററിൽ ഉറപ്പുവരുത്തേണ്ടതാണ്.

Draft #9 of File C1/37795/23/DTE Approved by Senior Joint Director (PS) on 21-Feb-2024 12:14 PM - Page 2

❖ പൊതു വിഷയങ്ങളുടെ ചോദ്യപേപ്പർ പായ്ക്കറ്റുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസ്സർ നിയോഗിക്കുന്ന Delivery Officer പോലീസ് അകമ്പടിയോടെ പ്രത്യേക വാഹനത്തിൽ അതാതു പരീക്ഷാദിവസം രാവിലെ ബന്ധപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. ചോദ്യപേപ്പറുകൾ സ്കൂളിൽ എത്തിയാൽ അവയുടെ പായ്ക്കറ്റിന്റെ വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ ചോദ്യപേപ്പർ പായ്ക്കറ്റുകൾ **പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള സ്ട്രോംങ് റൂമിൽ *ഇരട്ടതാഴിട്ട് പൂട്ടുള്ള അലമാരകളിൽ*** സുക്ഷിക്കേണ്ടതും, ഒരു താക്കോൽ ചീഫ്സൂപ്രണ്ടും രണ്ടാമത്തെ താക്കോൽ ഡെപ്യൂട്ടി ചീഫ്സൂപ്രണ്ടും കൈവശം സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം പൂട്ടുമ്പോൾ Chief Supdt പൂട്ടുന്ന താഴിൽ Deputy Chief ന്റേയും Deputy Chief പൂട്ടുന്ന താഴിൽ Chief Supdt.ന്റേയും മോണോഗ്രാം പതിപ്പിച്ച് സീൽ ചെയ്യേണ്ടതാണ്.(തുണികൊണ്ട് പൊതിഞ്ഞ് മെഴുക് സീൽ വച്ച്). മറ്റു നിർദേശങ്ങൾ പിന്നാലെ അറിയിക്കുന്നതായിരിക്കും.

**സെക്രട്ടറി**

(എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)

Draft #9 of File C1/37795/23/DTE Approved by Senior Joint Director (PS) on 21-Feb-2024 12:14 PM - Page 3